**മധുരമായ കുട്ടികളേ- നിങ്ങൾക്ക് സന്തോഷം ഉണ്ടാകണം എന്തെന്നാൽ ദുഃഖത്തെ ഇല്ലാതാക്കുന്ന ബാബ നമ്മെ സുഖധാമത്തിലേയ്ക്ക് കൊണ്ടുപോകാനായി വന്നിരിക്കുന്നു, നമ്മൾ സ്വർഗ്ഗത്തിലെ ദേവതയായി മാറുന്നവരാണ്.**

**ചോദ്യം-** കുട്ടികളുടെ ഏതൊരു സ്ഥിതി കണ്ടിട്ടാണ് ബാബയ്ക്ക് ചിന്തയില്ലാത്തത്- എന്തുകൊണ്ട്?
**ഉത്തരം-** ചില കുട്ടികൾ ഫസ്റ്റ് ക്ലാസ് സുഗന്ധമുള്ള പുഷ്പങ്ങളാണ്, ചിലരിലാണെങ്കിൽ അല്പം പോലും സുഗന്ധമില്ല. ചിലരുടെ അവസ്ഥ വളരെ നന്നായിരിക്കും, ചിലരാണെങ്കിൽ മായയുടെ കൊടുങ്കാറ്റിൽ തോറ്റുപോകുന്നു, ഇതെല്ലാം കണ്ടുകൊണ്ടും ബാബയ്ക്ക് ചിന്തയുണ്ടാകുന്നില്ല എന്തുകൊണ്ടെന്നാൽ ബാബയ്ക്ക് അറിയാം ഇവിടെ സത്യയുഗീ രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. എങ്കിലും ബാബ പഠിപ്പിക്കുന്നു- കുട്ടികളേ, എത്ര സാധിക്കുമോ അത്രയും ഓർമ്മിക്കൂ. മായയുടെ കൊടുങ്കാറ്റിനെ പേടിക്കരുത്.

**ഓംശാന്തി.** അതി മധുരമായ പരിധിയില്ലാത്ത ബാബ മധുര മധുരമായ കുട്ടികൾക്ക് ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്. വളരെ മധുര മധുരമായ അച്ഛനാണ് എന്നത് മനസ്സിലാക്കുന്നുണ്ടല്ലോ. പിന്നെ പഠിപ്പിക്കുന്ന ടീച്ചറും വളരെ മധുര മധുരമാണ്. ഇവിടെ നിങ്ങൾ ഇരിക്കുമ്പോൾ ഓർമ്മയുണ്ടാകണം വളരെ മധുര മധുരമായ ബാബയിൽ നിന്നും സമ്പത്ത് ലഭിക്കണം. ഇവിടെ വേശ്യാലയത്തിലാണ് ഇരിക്കുന്നത്. എത്ര മധുരമായ അച്ഛനാണ്. ആ സന്തോഷം ഹൃദയത്തിൽ ഉണ്ടാവണം. ബാബ നമ്മെ അരകല്പത്തിലേയ്ക്ക് സുഖധാമത്തിലേയ്ക്ക് കൊണ്ടുപോവുകയാണ്. ദുഃഖത്തെ ഇല്ലാതാക്കുന്നവരാണ്. ഒന്ന് അങ്ങനെയുള്ള അച്ഛനാണ് പിന്നെ ബാബ ടീച്ചറുമാകുന്നുണ്ട്. നമുക്ക് മുഴുവൻ സൃഷ്ടി ചക്രത്തിന്റേയും രഹസ്യം മനസ്സിലാക്കിത്തരുന്നു, ഇത് മറ്റാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ഈ ചക്രം എങ്ങനെയാണ് കറങ്ങുന്നത്, 84 ജന്മങ്ങൾ എങ്ങനെ കഴിഞ്ഞുപോയി- ബാബ ഇതു മുഴുവനും വിസ്തരിച്ച് പറഞ്ഞുതരുന്നു. പിന്നീട് കൂടെ കൊണ്ടുപോവുകയും ചെയ്യും. ഇവിടെ ഇരിക്കേണ്ടതില്ല. മുഴുവൻ ആത്മാക്കളേയും കൂടെ കൊണ്ടുപോകും. ബാക്കി കുറച്ച് ദിവസങ്ങളേയുള്ളൂ. ഒരുപാട് കാലം കഴിഞ്ഞുപോയി ഇനി കുറച്ചേ ബാക്കിയുള്ളൂ........ എന്ന് പറയാറുണ്ട്. ബാക്കി കുറച്ച് സമയമേയുള്ളൂ അതിനാൽ പെട്ടെന്ന് പെട്ടെന്ന് എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ ജന്മ ജന്മാന്തരങ്ങളിലെ പാപത്തിന്റെ ഭാരം തലയിലുള്ളത് ഇല്ലാതാകും. തീർച്ചയായും മായയുടെ യുദ്ധം ഉണ്ടാകും. നിങ്ങൾ എന്നെ ഓർമ്മിക്കും, മായ ഓർമ്മിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കും, ഇതും ബാബ പറഞ്ഞുതരുന്നു, അതിനാൽ ഒരിയ്ക്കലും വിഷമിക്കരുത്. എത്ര തന്നെ സങ്കല്പം, വികല്പം, കൊടുങ്കാറ്റ് വന്നാലും, മുഴുവൻ രാത്രിയും സങ്കല്പത്താൽ ഉറക്കം നഷ്ടപ്പെട്ടാലും ശരി പേടിക്കരുത്. വളരെ ധൈര്യശാലിയായിരിക്കണം. ബാബ പറയുന്നു തീർച്ചയായും ഇതു വരും. സ്വപ്നവും വരും, ഇതിലൊന്നും പേടിക്കരുത്. യുദ്ധമൈതാനമല്ലേ. ഇതെല്ലാം വിനാശമാകാനുള്ളതാണ്. നിങ്ങൾ യുദ്ധം ചെയ്യുന്നത് മായയെ ജയിക്കാനാണ്, അല്ലാതെ ഇതിൽ ശ്വാസം നിർത്തുകയൊന്നും വേണ്ട. ആത്മാവ് ശരീരത്തിൽ ഉള്ളപ്പോഴാണ് ശ്വാസം എടുക്കുന്നത്. ഇതിൽ ശ്വാസത്തെ നിർത്തുന്നതിനുള്ള പരിശ്രമമൊന്നും ചെയ്യരുത്. ഹഠയോഗം മുതലായവയിൽ എത്ര ബുദ്ധിമുട്ടുന്നു. ബാബയ്ക്ക് അനുഭവമുണ്ട്. അല്പ-സ്വല്പം പഠിച്ചിരുന്നു, പിന്നെ സമയവും വേണമല്ലോ. ഇക്കാലത്ത് നിങ്ങളോട് പറയാറുണ്ടല്ലോ, ജ്ഞാനം വളരെ നല്ലതാണ് പക്ഷേ സമയമില്ല, ഇത്രയും ബിസിനസ്സുണ്ട്, ഇന്ന കാര്യമുണ്ട്...... നിങ്ങളോട് ബാബ പറയുന്നു- മധുര മധുരമായ കുട്ടികളേ, ഒന്നാമത് ബാബയെ ഓർമ്മിക്കൂ പിന്നെ ചക്രത്തേയും ഓർമ്മിക്കൂ, അത്രയേയുള്ളൂ. എന്താ ഇത് ബുദ്ധിമുട്ടാണോ?

സത്യ-ത്രേതായുഗങ്ങളിൽ ഇവരുടെ രാജ്യമുണ്ടായിരുന്നു പിന്നീട് ഇസ്ലാമി, ബൗദ്ധി മുതലായവരുടെ വൃദ്ധിയുണ്ടായി. അവർ തന്റെ ധർമ്മത്തെ മറന്നുപോയി. സ്വയം ദേവീദേവതയാണ് എന്ന് പറയാൻ കഴിയില്ല എന്തെന്നാൽ അപവിത്രമായി. ദേവതകൾ പവിത്രമായിരുന്നു. ഡ്രാമാപ്ലാൻ അനുസരിച്ച് അവർ സ്വയം ഹിന്ദുക്കളാണ് എന്ന് പറയാൻ തുടങ്ങി. വാസ്തവത്തിൽ ഹിന്ദു എന്ന ധർമ്മമേയില്ല. ഹിന്ദുസ്ഥാൻ എന്ന പേര് പിന്നീട് വന്നതാണ്. ശരിയായ പേര് ഭാരതം എന്നതാണ്. ഭാരത മാതാക്കൾ വിജയിക്കട്ടെ എന്നു പറയാറുണ്ട്. ഹിന്ദുസ്ഥാനിലെ മാതാക്കൾ എന്നല്ല പറയുന്നത്. ഭാരതത്തിൽ തന്നെയാണ് ഈ ദേവതകളുടെ രാജ്യം ഉണ്ടായിരുന്നത്. ഭാരതത്തിന്റെ മഹിമയാണ് ചെയ്യുന്നത്. അതിനാൽ ബാബയെ എങ്ങനെ ഓർമ്മിക്കണം എന്നത് ബാബ കുട്ടികളെ പഠിപ്പിക്കുകയാണ്. ബാബ വന്നിരിക്കുന്നത് തന്നെ വീട്ടിലേയ്ക്ക് തിരികെ കൊണ്ടുപോകുന്നതിനായാണ്. ആരെ? ആത്മാക്കളെ. നിങ്ങൾ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രയും പവിത്രമായി മാറും. പവിത്രമായി മാറിയാൽ പിന്നീട് ശിക്ഷകൾ അനുഭവിക്കേണ്ടി വരില്ല. അഥവാ

ശിക്ഷകൾ അനുഭവിച്ചാൽ പദവി കുറഞ്ഞുപോകും അതിനാൽ എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രയും വികർമ്മം വിനാശമാകും. വളരെ അധികം കുട്ടികൾക്ക് ഓർമ്മിക്കാനേ സാധിക്കുന്നില്ല. ബുദ്ധിമുട്ടായി തോന്നി ഉപേക്ഷിക്കുന്നു, യുദ്ധം ചെയ്യുന്നില്ല. ഇങ്ങനെയും ഉണ്ട്. മനസ്സിലാക്കണം രാജധാനിയാണ് സ്ഥാപിക്കുന്നത്. തോറ്റവരായും ഒരുപാടുപേരുണ്ടാകും. ദരിദ്രരായ പ്രജകളും ആവശ്യമാണല്ലോ. അവിടെ ദുഃഖമില്ല എങ്കിലും ദരിദ്രനും ധനവാനും എന്തായാലും ഉണ്ടാകും. ഇത് കലിയുഗമാണ്, ഇവിടെ ദരിദ്രനും ധനവാനും ഇരുകൂട്ടരും ദുഃഖം അനുഭവിക്കുന്നു. അവിടെയാണെങ്കിൽ ഇരുകൂട്ടരും സുഖിയായിരിക്കും. പക്ഷേ ദരിദ്രൻ ധനവാൻ എന്ന വ്യത്യാസം ഉണ്ടാകും. ദുഃഖത്തിന്റെ പേരുപോലുമുണ്ടാകില്ല. ബാക്കി നമ്പർവൈസായിരിക്കും എന്തായാലും. ഒരു രോഗവും ഉണ്ടാകില്ല, ആയുസ്സും വളരെ വലുതായിരിക്കും. ഈ ദുഃഖധാമത്തെ മറക്കുന്നു. സത്യയുഗത്തിൽ നിങ്ങൾക്ക് ദുഃഖത്തിന്റെ ഓർമ്മപോലും ഉണ്ടാകില്ല. ദുഃഖധാമത്തിന്റേയും സുഖധാമത്തിന്റേയും ഓർമ്മ ഇപ്പോഴാണ് ബാബ ഉണർത്തുന്നത്. മനുഷ്യർ പറയുന്നു സ്വർഗ്ഗം ഉണ്ടായിരുന്നു പക്ഷേ എപ്പോഴാണ് ഉണ്ടായിരുന്നത്, എങ്ങനെയുള്ളതായിരുന്നു? ഒന്നും അറിയില്ല. ലക്ഷക്കണക്കിന് വർഷങ്ങളുടെ കാര്യം ആരുടേയും ബുദ്ധിയിൽ ഓർമ്മവരുക സാദ്ധ്യമല്ല. ബാബ പറയുന്നു ഇന്നലെ നിങ്ങൾക്ക് സുഖം ഉണ്ടായിരുന്നു, ഇനി നാളെയും ഉണ്ടാകും. അതിനാൽ ഇവിടെയിരുന്ന് പൂക്കളെ നോക്കുകയാണ്. ഇത് നല്ല പൂവാണ്, ഇവർ ഇന്ന പ്രകാരത്തിലുള്ള പരിശ്രമം ചെയ്യുന്നുണ്ട്. ഇവർക്ക് ധൈര്യമില്ല, ഇവർ കല്ലുബുദ്ധിയാണ്. ബാബയ്ക്ക് ഒരു കാര്യത്തിന്റേയും ചിന്തയുണ്ടാകാറില്ല. കുട്ടികൾ വേഗം പഠിച്ച് ധനവാനായി മാറണം, പഠിപ്പിക്കുകയും വേണം എന്നെല്ലാം കരുതും. കുട്ടിയായി മാറി പക്ഷേ പെട്ടെന്ന് പഠിച്ച് സമർത്ഥനായി മാറണം മാത്രമല്ല എത്രത്തോളം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്, എങ്ങനെയുള്ള പുഷ്പമാണ്– ഇത് ബാബ ഇരുന്ന് നോക്കും എന്തെന്നാൽ ഇത് ചൈതന്യത്തിലുള്ള പുഷ്പങ്ങളുടെ പൂന്തോട്ടമാണ്. പൂക്കളെ കാണുമ്പോൾത്തന്നെ എത്ര സന്തോഷമുണ്ടാകുന്നു. കുട്ടികളും സ്വയം മനസ്സിലാക്കുന്നുണ്ട് ബാബ സ്വർഗ്ഗത്തിന്റെ സമ്പത്ത് തരുകയാണെന്ന്. ബാബയെ ഓർമ്മിച്ചുകൊണ്ടിരുന്നാൽ പാപം മുറിയും. ഇല്ലെങ്കിൽ ശിക്ഷകൾ അനുഭവിച്ച് പിന്നീട് പദവി നേടും. ഇതിനെയാണ് വില കൂടിയത് നഷ്ടപ്പെടുത്തി തുച്ഛമായത് നേടുക എന്നു പറയുന്നത്. ജന്മജന്മാന്തരങ്ങളിലെ പാപം നശിക്കുന്ന രീതിയിൽ ബാബയെ ഓർമ്മിക്കൂ. ചക്രത്തേയും അറിയണം. ചക്രം കറങ്ങിക്കൊണ്ടേയിരിക്കും, ഒരിയ്ക്കലും നിന്നുപോകില്ല. പേനിനെപ്പോലെ ഇഴഞ്ഞുകൊണ്ടേയിരിക്കും. പേൻ വളരെ പതുക്കെയാണ് ഇഴയുന്നത്. ഈ പരിധിയില്ലാത്ത നാടകവും വളരെ പതുക്കെയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ടിക്ക്– ടിക്ക് എന്ന് അടിച്ചുകൊണ്ടിരിക്കുന്നു. 5000 വർഷത്തിൽ എത്ര സെക്കന്റുകളും മിനിറ്റുകളും ഉണ്ടാകും, അതിന്റെയും കണക്കെടുത്ത് കുട്ടികൾ അയച്ചുതന്നിട്ടുണ്ട്. ലക്ഷക്കണക്കിന് വർഷങ്ങളുണ്ടെങ്കിൽ ഒരു കണക്കും എടുക്കാൻ കഴിയില്ല. ഇവിടെ അച്ഛനും കുട്ടികളും ഇരിക്കുകയാണ്. ബാബ ഇരുന്ന് ഓരോരുത്തരേയും നോക്കുകയാണ്– ഇവർ ബാബയെ എത്ര ഓർമ്മിക്കുന്നുണ്ട്, എത്ര ജ്ഞാനം എടുത്തിട്ടുണ്ട്, മറ്റുള്ളവർക്ക് എത്ര മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്. ഇത് വളരെ സഹജമാണ്, കേവലം ബാബയുടെ പരിചയം നൽകൂ. ബാഡ്ജ് കുട്ടികളുടെ കയ്യിലുണ്ടല്ലോ. പറയൂ, ഇതാണ് ശിവബാബ. കാശിയിൽ പോകുമ്പോഴും ശിവബാബാ ശിവബാബാ എന്നു പറഞ്ഞ് ഓർമ്മിക്കുന്നു, അലയുന്നു. നിങ്ങളാണ് സാലിഗ്രാമങ്ങൾ. ആത്മാവ് വളരെ ചെറിയ നക്ഷത്രമാണ്, അതിൽ എത്ര പാർട്ട് നിറഞ്ഞിരിക്കുന്നു. ആത്മാവിന്റെ വലിപ്പം കൂടുകയോ കുറയുകയോ ചെയ്യുന്നില്ല, വിനാശം സംഭവിക്കുന്നില്ല. ആത്മാവ് അവിനാശിയാണ്. അതിൽ ഡ്രാമയുടെ പാർട്ട് നിറഞ്ഞിരിക്കുന്നു. വജ്രം ഏറ്റവും ദൃഢതയുള്ളതാണ്, അതുപോലെ കടുപ്പമുള്ള മറ്റൊരു കല്ലില്ല. സ്വർണ്ണവ്യാപാരികൾക്ക് അറിയാൻ കഴിയും. ആത്മാവിനെക്കുറിച്ച് ചിന്തിക്കൂ, എത്ര ചെറുതാണ്, അതിൽ എത്ര പാർട്ടാണ് നിറഞ്ഞിരിക്കുന്നത്! അതിന് ഒരിയ്ക്കലും മാറ്റം വരില്ല. രണ്ടാമത് ഒരു ആത്മാവ് ഉണ്ടാകില്ല. നമുക്ക് അച്ഛനെന്നും ടീച്ചറെന്നും സദ്ഗുരുവെന്നും പറയാൻ കഴിയുന്ന രീതിയിൽ ഈ ലോകത്തിൽ ഒരു മനുഷ്യനുമില്ല. ഇത് ഒരേയൊരു പരിധിയില്ലാത്ത ബാബയാണ്, ടീച്ചറാണ് എല്ലാവരെയും പഠിപ്പിക്കുന്നു, മന്മനാഭവ. നിങ്ങളോടും പറയുന്നു ഏതു ധർമ്മത്തിലുള്ളവരെ കാണുകയാണെങ്കിലും ശരി അവരോട് പറയൂ അല്ലാഹുവിനെ ഓർമ്മിക്കാറുണ്ടല്ലോ അല്ലേ. ആത്മാക്കൾ എല്ലാവരും സഹോദരങ്ങളാണ്. ഇപ്പോൾ ബാബ പഠിപ്പിക്കുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. ബാബ തന്നെയാണ് പതിത പാവനൻ. ഇത് ആരാണ് പറഞ്ഞത്? ആത്മാവ്. മനുഷ്യർ നന്നായി പാടുന്നുണ്ട് പക്ഷേ അർത്ഥം മനസ്സിലാക്കുന്നില്ല.

ബാബ പറയുന്നു– നിങ്ങൾ എല്ലാവരും സീതമാരാണ്. ഞാനാണ് രാമൻ. സർവ്വ ഭക്തരുടേയും സദ്ഗതി ദാതാവ് ഞാൻ തന്നെയാണ്. എല്ലാവരുടേയും സദ്ഗതി ചെയ്യുന്നു. ബാക്കിയെല്ലാവരും മുക്തിധാമത്തിലേയ്ക്ക് പോകും. സത്യയുഗത്തിൽ രണ്ടാമതായി ഒരു ധർമ്മവുമുണ്ടാകില്ല, നമ്മൾ മാത്രമേ ഉണ്ടാകൂ എന്തെന്നാൽ നമ്മളാണ് ബാബയിൽ നിന്നും സമ്പത്ത് നേടുന്നത്. നോക്കൂ ഇവിടെ എത്ര അധികം ക്ഷേത്രങ്ങളാണ്. എത്ര വലിയ ലോകമാണ്, എന്തെല്ലാം സാധനങ്ങളാണ്. അവിടെ ഇതൊന്നും ഉണ്ടാകില്ല. ഭാരതം

മാത്രമേ ഉണ്ടാകൂ. ഈ തീവണ്ടിയൊന്നും ഉണ്ടാകില്ല. ഇതെല്ലാം നശിക്കും. അവിടെ ട്രെയിനിന്റെ ആവശ്യമുണ്ടാകില്ല. വളരെ ചെറിയ നഗരമായിരിക്കും. ട്രെയിൻ വളരെ ദൂര-ദൂരത്തുള്ള ഗ്രാമങ്ങളിലേയ്ക്ക് പോകുന്നതിനല്ലേ ആവശ്യം. ബാബ റിഫ്രഷ് ആക്കുകയാണ്, കുട്ടികൾക്കുവേണ്ടി ഭിന്ന ഭിന്ന പോയിന്റ്സ് മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ഇരിക്കുകയാണ്, ബുദ്ധിയിൽ മുഴുവൻ ജ്ഞാനവുമുണ്ട്. പരമപിതാ പരമാത്മാവിൽ നിറഞ്ഞിരിക്കുന്ന മുഴുവൻ ജ്ഞാനവും അതുപോലെ നിങ്ങൾക്ക് മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുകയാണ്. ഉയർന്നതിലും ഉയർന്ന ശാന്തിധാമത്തിൽ വസിക്കുന്നവരാണ് ശാന്തിസാഗരനായ ബാബ. നമ്മൾ ആത്മാക്കൾ എല്ലാവരും അവിടെ മധുരമായ വീട്ടിൽ വസിക്കുന്നവരാണ്. ശാന്തിയ്ക്കുവേണ്ടി മനുഷ്യർ എത്ര തലയിട്ട് ഉടയ്ക്കുന്നു. സന്യാസിമാരും മനസ്സിന് എങ്ങനെ ശാന്തി ലഭിക്കും എന്ന് ചിന്തിക്കുന്നു. എന്തെല്ലാം യുക്തികളാണ് രചിക്കുന്നത്. പാടാറുണ്ട്- ആത്മാവ് മനസ്സും ബുദ്ധിയും സഹിതമുള്ളതാണ്, അതിന്റെ സ്വധർമ്മം തന്നെ ശാന്തിയാണ്. മുഖമേയില്ല, കർമ്മേന്ദ്രിയങ്ങളുമില്ലെങ്കിൽ തീർച്ചയായും ശാന്തമായിരിക്കും. നമ്മൾ ആത്മാക്കളുടെ നിവാസസ്ഥാനം മധുരമായ വീടാണ്, അവിടം തീർത്തും ശാന്തമായിരിക്കും. പിന്നീട് അവിടെ നിന്നും നമ്മൾ ആദ്യം വരുന്നത് സുഖധാമത്തിലേയ്ക്കാണ്. ഇപ്പോൾ ഈ ദുഃഖധാമത്തിൽ നിന്നും സുഖധാമത്തിലേയ്ക്ക് ട്രാൻസ്ഫർ ആവുകയാണ്. ബാബ പാവനമാക്കി മാറ്റുകയാണ്. എത്ര വലിയ ലോകമാണ്. ഇത്രയും കാടൊന്നും അവിടെ ഉണ്ടാകില്ല. ഇത്രയും പർവ്വതങ്ങളും ഉണ്ടാകില്ല. നമ്മുടെ രാജധാനി ഉണ്ടാകും. എങ്ങനെയാണോ സ്വർഗ്ഗത്തിന്റെ ചെറിയ മോഡൽ ഉണ്ടാക്കുന്നത് അതുപോലെ ചെറിയൊരു സ്വർഗ്ഗമായിരിക്കും. എന്താണ് സംഭവിക്കേണ്ടത്. അത്ഭുതം നോക്കൂ! എത്ര വലിയ സൃഷ്ടിയാണ്, ഇവിടെ എല്ലാവരും പരസ്പരം വഴക്കടിച്ചുകൊണ്ടിരിക്കുന്നു. പിന്നീട് ഇത്രയും വലിയ ലോകം നശിച്ചുപോകും, നമ്മുടെ രാജ്യം മാത്രം ബാക്കിയാകും. ഇതുമുഴുവനും നശിക്കും എങ്കിൽ ഇവർ എല്ലാവരും എവിടേയ്ക്ക് പോകും. സമുദ്രം കരയെ വിഴുങ്ങും. ഇതിന്റെ പേരോ അടയാളമോ പോലും ഉണ്ടാകില്ല. സമുദ്രത്തിലേയ്ക്ക് എന്ത് വസ്തുവാണോ പോകുന്നത് അത് ഉള്ളിൽ തന്നെ അവസാനിക്കും. സാഗരം വിഴുങ്ങിക്കളയും. തത്വം തത്വത്തിലും, മണ്ണ് മണ്ണിലും കലരും. പിന്നീട് ലോകം തന്നെ സതോപ്രധാനമായിത്തീരും, അതിനെയാണ് പുതിയ സതോപ്രധാനമായ പ്രകൃതി എന്നു പറയുന്നത്. അവിടെ നിങ്ങൾക്ക് പ്രകൃത്യായുള്ള സൗന്ദര്യം ഉണ്ടായിരിക്കും. ലിപ്സ്റ്റിക്ക് മുതലായ ഒന്നും ഉപയോഗിക്കേണ്ടതില്ല. അതിനാൽ നിങ്ങൾ കുട്ടികൾ സന്തോഷിക്കണം. നിങ്ങൾ സ്വർഗ്ഗത്തിലെ ദേവതയാകാൻ പോവുകയാണ്.

ജ്ഞാനസ്നാനം ചെയ്തില്ലെങ്കിൽ നിങ്ങൾ ദേവതയായി മാറില്ല. മറ്റൊരു ഉപായവുമില്ല. ബാബ എന്നും സുന്ദരനാണ്, നിങ്ങൾ ആത്മാക്കൾ കറുത്തിരിക്കുന്നു. പ്രിയതമൻ വളരെ സുന്ദരനായ സഞ്ചാരിയാണ് അവർ വന്ന് നിങ്ങളെയും സുന്ദരമാക്കുന്നു. ബാബ പറയുന്നു ഞാൻ ഇവരിൽ പ്രവേശിച്ചിരിക്കുന്നു. ഞാൻ ഒരിയ്ക്കലും കറുക്കുന്നില്ല. നിങ്ങളാണ് കറുത്തതിൽ നിന്നും വെളുത്തവരായി മാറുന്നത്. സദാ സുന്ദരമായിരിക്കുന്നത് ഒരേയൊരു സഞ്ചാരി മാത്രമാണ്. ഈ ബാബ കറുത്തതും വെളുത്തതുമായി മാറുന്നുണ്ട്. നിങ്ങൾ എല്ലാവരെയും സുന്ദരന്മാരാക്കി കൂടെ കൊണ്ടുപോകുന്നു. നിങ്ങൾ കുട്ടികൾക്ക് സുന്ദരന്മാരായി മാറി പിന്നീട് മറ്റുള്ളവരേയും സുന്ദരമാക്കി മാറ്റണം. ബാബ ശ്യാമസുന്ദരനായി മാറുന്നില്ല. ഗീതയിൽ തെറ്റ് എഴുതി വെച്ചിരിക്കുന്നു, അതിൽ ബാബയ്ക്കു പകരം കൃഷ്ണന്റെ പേരുവെച്ചു, ഇതിനെയാണ് പറയുന്നത്- ഒരേയൊരു തെറ്റ്. മുഴുവൻ വിശ്വത്തേയും സുന്ദരമാക്കി മാറ്റുന്നത് ശിവബാബയാണ് എന്നാൽ ബാബയുടെ പേരിനുപകരം ആരാണോ സ്വർഗ്ഗത്തിൽ ആദ്യ നമ്പറിൽ സുന്ദരനായി മാറുന്നത് അവരുടെ പേരുവെച്ചു, ഇത് ആരെങ്കിലും മനസ്സിലാക്കുന്നുണ്ടോ. ഭാരതം വീണ്ടും സുന്ദരമായി മാറുകതന്നെ ചെയ്യും. അവർ കരുതുന്നത് 40,000 വർഷങ്ങൾക്ക് ശേഷം സ്വർഗ്ഗമുണ്ടാകും എന്നാണ് എന്നാൽ നിങ്ങൾ പറയുന്നു മുഴുവൻ കല്പം എന്നത് 5000 വർഷത്തിന്റേതാണ്. അതിനാൽ ബാബ ആത്മാക്കളോട് സംസാരിക്കുകയാണ്. പറയുന്നു ഞാൻ അരകല്പത്തിലെ പ്രിയതമനാണ്. നിങ്ങൾ എന്നെ വിളിച്ചുകൊണ്ടേയിരുന്നു- അല്ലയോ പതിതപാവനാ വരൂ, വന്ന് ഞങ്ങൾ ആത്മാക്കളെ അഥവാ പ്രിയതമകളെ പാവനമാക്കി മാറ്റൂ. എങ്കിൽ അവരുടെ മതമനുസരിച്ച് നടക്കണ്ടേ. പരിശ്രമിക്കണം. നിങ്ങൾ ജോലി കാര്യങ്ങളൊന്നും ചെയ്യേണ്ടതില്ല എന്നല്ല ബാബ പറയുന്നത്. അതെല്ലാം ചെയ്യണം. ഗൃഹസ്ഥ വ്യവഹാരത്തിൽ ഇരുന്നുകൊണ്ടും, കുട്ടികളേയും മക്കളേയും സംരക്ഷിച്ചുകൊണ്ടും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കുക മാത്രം ചെയ്യൂ എന്തെന്നാൽ ഞാൻ തന്നെയാണ് പതിത പാവനൻ. കുട്ടികളെ നന്നായി സംരക്ഷിക്കൂ പക്ഷേ ഇനി കുട്ടികൾക്ക് ജന്മം നൽകരുത്. ഇല്ലെങ്കിൽ അവരുടെ ഓർമ്മ വന്നുകൊണ്ടിരിക്കും. അവരെല്ലാവരും ഉണ്ടെങ്കിലും എല്ലാവരേയും മറക്കണം. എന്തെല്ലാം നിങ്ങൾ കാണുന്നുവോ അതെല്ലാം നശിക്കാനുള്ളതാണ്. ശരീരം നശിച്ചുപോകും. ബാബയുടെ ഓർമ്മയിൽ ആത്മാവ് പവിത്രമായി മാറിയാൽ പിന്നീട് ശരീരവും പുതിയത് ലഭിക്കും. ഇതാണ് പരിധിയില്ലാത്ത സന്യാസം. അച്ഛൻ പുതിയ വീട് ഉണ്ടാക്കിയാൽ പിന്നെ മനസ്സ് പഴയ വീട്ടിൽ നിൽക്കില്ല. സ്വർഗ്ഗത്തിൽ എന്താണ് ഇല്ലാത്തത്, അപാര സുഖ

മായിരിക്കും. സ്വർഗ്ഗം ഇവിടെയാണ് ഉണ്ടാകുക. ദിൽവാഡാ ക്ഷേത്രം പൂർണ്ണമായ ഓർമ്മചിഹ്നമാണ്. താഴെ തപസ്യ ചെയ്യുകയാണ്, അതിനാൽ സ്വർഗ്ഗത്തെ എവിടെ കാണിക്കും? അവർ അത് മേൽക്കൂരയിൽ കാണിച്ചു. താഴെ രാജയോഗത്തിന്റെ തപസ്യ ചെയ്യുന്നു, മുകളിൽ രാജ്യ പദവി കാണിക്കുന്നു. എത്ര നല്ല ക്ഷേത്രമാണ്. മുകളിൽ അചൽഘർ ഉണ്ട്, സ്വർണ്ണത്തിന്റെ മൂർത്തികളാണ് അവിടെ. അതിലും മുകളിലാണ് ഗുരുശിഖർ. ഗുരു ഏറ്റവും മുകളിൽ ഇരിക്കുകയാണ്. ഉയർന്നതിലും ഉയർന്നത് സദ്ഗുരുവാണ്. പിന്നീട് ഇടയിൽ സ്വർഗ്ഗം കാണിച്ചിരിക്കുന്നു. അതിനാൽ ഈ ദിൽവാഡാ ക്ഷേത്രം പൂർണ്ണ ഓർമ്മചിഹ്നമാണ്, നിങ്ങളാണ് രാജയോഗം പഠിക്കുന്നത്, പിന്നീട് സ്വർഗ്ഗം ഇവിടെ ഉണ്ടാകും. ദേവതകൾ ഇവിടെയല്ലേ ഉണ്ടായിരുന്നത്. പക്ഷേ അവർക്കുവേണ്ടി പാവനലോകം ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം-

1) ഈ കണ്ണുകൾ കൊണ്ട് എല്ലാം കണ്ടുകൊണ്ടും ഇതിനെ മറക്കുന്നതിനുള്ള അഭ്യാസം ചെയ്യണം. പഴയവീട്ടിൽ നിന്നും ലോകത്തിൽ നിന്നും മനസ്സിനെ മാറ്റണം. പുതിയ വീടിനെ ഓർമ്മിക്കണം.

2) ജ്ഞാനസ്നാനം ചെയ്ത് സുന്ദരമായ ദേവതയായി മാറണം. ബാബ എങ്ങനെ സുന്ദരനായ വെളുത്ത സഞ്ചാരിയാണോ അതുപോലെ ബാബയുടെ ഓർമ്മയിലൂടെ ആത്മാവിനെ കറുത്തതിൽ നിന്നും വെളുത്തതാക്കി മാറ്റണം. മായയുടെ യുദ്ധത്തിനെ ഭയക്കരുത്, വിജയിയായി കാണിക്കണം.

### വരദാനം - മഹാദാനിയായി പൂർണ്ണ ഹൃദയത്തോടെ സന്തോഷത്തിന്റെ ഖജനാവ് വിതരണം ചെയ്യുന്ന മാസ്റ്റർ ദയാഹൃദയനായി ഭവിക്കട്ടെ.

ലോകർ അൽപ്പക്കാല സന്തോഷം പ്രാപ്തമാക്കുന്നതിനായി എത്ര ധനവും പണവും ചിലവഴിക്കുന്നു എന്നിട്ടും ശരിയായ സന്തോഷം ലഭിക്കുന്നില്ല, ഇത് പോലെ ആവശ്യമുള്ള സമയത്ത് നിങ്ങൾ ആത്മാക്കൾ മഹാദാനിയായി പൂർണ്ണ മനസ്സോടെ സന്തോഷത്തിന്റെ ദാനം ചെയ്യണം. ഇതിനായി കാരുണ്യത്തിന്റെ ഗുണം പ്രത്യക്ഷമാക്കൂ. നിങ്ങളുടെ ജഢ ചിത്രങ്ങൾ വരദാനം നൽകി കൊണ്ടിരിക്കുന്നു എങ്കിൽ നിങ്ങളും ചൈതന്യത്തിൽ ദയാഹൃദയനായി വിതരണം ചെയ്ത് കൊണ്ടിരിക്കൂ, കാരണം പരവശ ആത്മാക്കളാണ്. ഇവർ കേൾക്കുന്നവരല്ലല്ലോ എന്ന് ഒരിക്കലും ചിന്തിക്കരുത്, നിങ്ങൾ കാരുണ്യവാനായി നൽകി കൊണ്ടിരിക്കൂ. നിങ്ങളുടെ ശുഭ ഭാവന അവർക്ക് തീർച്ചയായും ഫലം നൽകും.

### സ്ലോഗൻ - യോഗ ശക്തിയിലൂടെ കർമ്മേന്ദ്രിയങ്ങളെ ഓർഡർ അനുസരിച്ച് നടത്തുന്നവർ തന്നേയാണ് സ്വരാജ്യാധികാരി.